**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1675 — 05.02.2019 ൽ മറുപടിക്ക്

## ബാലുശ്ശേരിയിൽ ഫയർ & റസ്ക്യൂ സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | **എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| എ) | ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി പനങ്ങാട് ഗ്രാമപഞ്ചായത്ത് എത്ര സെന്റ് ഭൂമിയാണ് ഫയർ & റസ്ക്യൂ വകുപ്പിന് വിട്ടു നൽകിയിട്ടുള്ളത് എന്നറിയിക്കാമോ; | എ) & ബി) ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി പനങ്ങാട് ഗ്രാമപഞ്ചായത്ത് നിലവിൽ ഭൂമി വിട്ടു നൽകിയിട്ടില്ല. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ 12.03.2018 ലെ 9(13) നമ്പർ തീരുമാനപ്രകാരം, പഞ്ചായത്തിൽ നിക്ഷിപ്തമായ പുഴ പുറമ്പോക്കിൽപ്പെട്ട 50 സെന്റ് സ്ഥലം ഫയർ & റസ്ക്യൂ സർവീസസ് വകുപ്പിന് സൗജന്യമായി വിട്ടുനൽകുന്നതിന് അനുമതി നൽകുന്നതിന് സർക്കാരിനോട് അപേക്ഷിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ പകർപ്പ് ഫയർ & റസ്ക്യൂ കോഴിക്കോട് ഡിവിഷണൽ ഓഫീസർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. |
| ബി) | ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഭൂമി വിട്ട് നൽകാനുള്ള ഫയലിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | |

(signature)

സെക്ഷൻ ഓഫീസർ